# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 261

02.03.2020-ൽ മറുപടിയ്ക്ക്

### നെല്ലിക്കുഴി പഞ്ചായത്തിലെ ആയുർവേദ ആശുപത്രി

| ചോദ്യം<br>**ശ്രീ.ആന്റണി ജോൺ** | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|
| (എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) യും (ബി) യും (സി) യും (ഡി) യും കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ചെറുവട്ടൂർ ഗവ. ആയുർവേദ ആശുപത്രി 30 കിടക്കകളായി അപ്ഗ്രേഡ് ചെയ്യുന്നതിനായി ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ ആയുഷ് വകുപ്പിന്റെ ഒരു പൊതുപാക്കേജിൽ ഉൾപ്പെടുത്തി സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. പൊതുപാക്കേജിനായുള്ള സംസ്ഥാനതല പ്രയോറിറ്റി ലിസ്റ്റ് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) പ്രസ്തുത വിഷയം സംബന്ധിച്ച് സെക്രട്ടേറിയറ്റിലെ ആയുഷ് വകുപ്പിൽ A1 234/18 എന്ന ഫയൽ പ്രകാരം ആവശ്യമായ തസ്തികകൾ ഉൾപ്പെടുത്തി ഒരു പൊതു പാക്കേജ് സമർപ്പിക്കുവാൻ ഭാരതീയ ചികിത്സ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | |
| (സി) A1 234/18 എന്ന ഫയലിൽ ഭാരതീയ ചികിത്സ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ട പുതുക്കിയ പ്രൊപ്പോസൽ | |

സർക്കാരിൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ;

(ഡി) നൂറ് കണക്കിന് രോഗികൾ നിത്യേന ആശ്രയിക്കുന്ന പ്രസ്തുത ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിനുവേണ്ട നടപടി വേഗത്തിലാക്കുമോ; വിശദമാക്കാമോ?

Signature valid
Digitally signed by SANGEETHA T S
Date: 2020.02.29 14:49:45 IST
Reason: Approved

സെക്ഷൻ ഓഫീസർ